27/24-M

ചോദ്യപുസ്തക അക്ഷരകോഡ്

A

ചോദ്യ പുസ്തക ക്രമനമ്പർ

A

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 സമയം : 90 മിനിട്ട്

പരമാവധി മാർക്ക് : 100

ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്റെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

Visit KPSCHub.in
More QPs & Answer Keys

Visit KPSCHub.in
More QPs & Answer Keys

1. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ ഗറില്ലാസമരം നടത്തിയ നേതാവ്
   A) ബഹദൂർഷാ II
   B) നാനാസാഹിബ്
   C) താന്തിയാതോപ്പി
   D) കൺവർ സിംഗ്

2. പുരാതനകാലത്ത് കേരളവുമായി യവനന്മാർക്കും റോമാക്കാർക്കും ഉണ്ടായിരുന്ന വാണിജ്യ ബന്ധത്തിന്റെ ശക്തമായ തെളിവുകൾ ഉത്ഖനനത്തിലൂടെ ലഭിച്ച പ്രദേശം
   A) കൊല്ലം
   B) കോട്ടയം
   C) പുറക്കാട്
   D) പട്ടണം

3. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപം കൊണ്ട ആദ്യ സംസ്ഥാനമേത് ?
   A) ആന്ധ്രപ്രദേശ്
   B) കർണാടകം
   C) കേരളം
   D) മധ്യപ്രദേശ്

4. ലോകാരോഗ്യസംഘടനയുടെ ആസ്ഥാനം
   A) ജനീവ
   B) റോം
   C) വിയന്ന
   D) ന്യൂയോർക്ക്

5. ഗാന്ധിജി നയിച്ച സമരങ്ങൾ താഴെ നൽകിയിരിക്കുന്നു.
   1) സിസ്സഹകരണ പ്രസ്ഥാനം
   2) ഖേദ സത്യാഗ്രഹം
   3) ചമ്പാരൻ സത്യാഗ്രഹം
   4) സിവിൽ നിയമലംഘന പ്രസ്ഥാനം

   ശരിയായ ക്രമം തിരഞ്ഞെടുക്കുക.
   A) 3, 2, 1, 4
   B) 1, 2, 3, 4
   C) 4, 2, 3, 1
   D) 2, 4, 3, 1

6. 2023-ൽ 150-ാം ജന്മവാർഷികം ആചരിക്കപ്പെടുന്ന നവോത്ഥാന നായകൻ
   A) ഡോ. പൽപ്പു
   B) വക്കം അബ്ദുൽ ഖാദർ മൗലവി
   C) ശ്രീനാരായണ ഗുരു
   D) ചട്ടമ്പി സ്വാമികൾ

7. ഭൂവൽക്കത്തെ കുറിച്ച് താഴെ പറയുന്നവയിൽ ഏതാണ് ശരി ?
   (i) ഭൂമിയുടെ ഏറ്റവും പുറമെയുള്ള ശിലാ നിർമിതമായ കട്ടിയുള്ള ഭാഗമാണ് ഭൂവൽക്കം.
   (ii) സമുദ്രതട ഭൂവൽക്കത്തിന് വൻകര ഭൂവൽക്കത്തെ അപേക്ഷിച്ച് കനം കുറവാണ്.
   (iii) ഹിമാലയൻ പർവ്വത മേഖലകളിൽ ഭൂവൽക്കത്തിന് കനം വളരെക്കുറവാണ്.
   A) (iii) മാത്രം
   B) (i) & (ii) മാത്രം
   C) (i) മാത്രം
   D) എല്ലാം ശരിയാണ്

8. തിരമാലകൾ എന്നാൽ
   (i) ജലത്തിന്റെ ചലനം.
   (ii) സമുദ്രോപരിതലത്തിലൂടെയുള്ള ഊർജ്ജ പ്രവാഹം.
   (iii) ചന്ദ്രന്റെയും സൂര്യന്റെയും ഗുരുത്വാഘർഷണ ബലം മൂലം സമുദ്രജലത്തിനുണ്ടാകുന്ന ചലനം.
   A) (iii) & (ii)
   B) (i) & (iii)
   C) (ii)
   D) (iii)

Visit KPSCHub.in
More QPs & Answer Keys

9. താഴെ കൊടുത്തിരിക്കുന്നവയിൽ ഇന്ത്യൻ തീരസമതലങ്ങളെക്കുറിച്ചുള്ള തെറ്റായ സൂചന കണ്ടെത്തുക.

(i) പശ്ചിമതീരത്തെ അപേക്ഷിച്ച് കിഴക്കൻ തീരസമതലം വീതി കുറവാണ്.

(ii) കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന നദികൾ പൂർവ്വതീരങ്ങളിൽ വിശാലമായ ഡെൽറ്റകൾ സൃഷ്ടിക്കുന്നു.

(iii) താഴ്ന്നുപോയ സമതലങ്ങൾക്ക് ഉദാഹരണങ്ങളാണ് പശ്ചിമതീരസമതലങ്ങൾ.

A) (i) B) (ii) C) (iii) D) (i) & (iii)

10. താഴെ കൊടുത്തിരിക്കുന്നവയിൽ എൽനിനോ (El-Nino) പ്രതിഭാസവുമായി ബന്ധപ്പെട്ടവ ഏതെല്ലാം ?

(i) മധ്യരേഖാ വായുചംക്രമണത്തെ തടസ്സപ്പെടുത്തുന്നു.

(ii) സമുദ്രജല ബാഷ്പീകരണം ക്രമരഹിതമാകുന്നു.

(iii) സമുദ്ര പ്ലവങ്ങളുടെ അളവിൽ കുറവു വരുത്തുന്നു.

(iv) കാലാവസ്ഥാ മാറ്റത്തിന് ഇതൊരുകാരണമാകുന്നില്ല.

A) (i) B) (ii) C) (iii) D) (i), (ii) & (iv)

11. ഇന്ത്യയിലെ ഒരു പ്രധാന ഭൗമ താപോർജ ഉല്പാദനകേന്ദ്രമാണ്

(i) പുഗതാഴ്വര (ii) മണികരൻ

(iii) ദിഗ്ബോയ് (iv) ആങ്കലേശ്വർ

A) (i) B) (i) & (ii) C) (i), (ii) & (iii) D) (iv)

12. 2023-ഡിസംബറിൽ ചെന്നൈയിൽ ഉണ്ടായ വെള്ളപ്പൊക്കത്തിന് കാരണമായ ചുഴലിക്കാറ്റ്

A) അസാനി B) മാൻഡസ്

C) മിഷോങ് D) യാസ്

13. ആഗോളവത്ക്കരണത്തിന്റെ പ്രധാന ഫലങ്ങളിൽ ഒന്നാണ്

A) പുറം പണിക്കരാർ B) സ്വകാര്യവത്ക്കരണം

C) ഉദ്ദാരവത്ക്കരണം D) ഇവയൊന്നുമല്ല

14. GST നിലവിൽ വന്നത്

A) July 2016 B) April 2016

C) July 2017 D) April 2017

Visit KPSCHub.in
More QPs & Answer Keys

15. ഹരിതവിപ്ലവവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്നവയിൽ യോജിക്കാത്ത പ്രസ്താവന ഏത് ?
   A) ചെറുകിട കർഷകരും വൻകിട കർഷകരും തമ്മിലുള്ള അന്തരം വർദ്ധിപ്പിച്ചു.
   B) അത്യുൽപാദനമേന്മയുള്ള വിളകൾക്ക് കൂടുതൽ കീടാക്രമണ സാധ്യത ഉണ്ടായിരുന്നു.
   C) ഹരിതവിപ്ലവത്തിന്റെ രണ്ടാം ഘട്ടം 1970 ന്റെ പകുതി മുതൽ 1980 ന്റെ പകുതി വരെയാണ്.
   D) ഇവയൊന്നുമല്ല

16. പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങളുമായി (New Economic Policy 1991) യോജിക്കാത്ത പ്രസ്താവന ഏത് ?
   A) ഇതിൽ നയങ്ങളെ രണ്ടായി തരംതിരിക്കുന്നു – സുസ്ഥിരമാക്കൽ നടപടികൾ (Stabilization measures), ഘടനാപരമായ പരിഷ്കരണങ്ങൾ (Structural reform measures).
   B) സുസ്ഥിരമാക്കൽ നടപടികളിൽ അടവുശിഷ്ടത്തിലെ (Balance of payment) കമ്മി പരിഹരിക്കുന്നതിനും, പണപെരുപ്പം (Inflation) നിയന്ത്രിക്കുന്നതിനുമാണ് ഈ നടപടികൾ ലക്ഷ്യം വച്ചത്.
   C) ഘടനാപരമായ പരിഷ്കരണനയങ്ങൾ (Structural reforms) ഹ്രസ്വകാല നടപടികളാണ്.
   D) ഘടനാപരമായ പരിഷ്കരണനയങ്ങളിൽ സമ്പത്ത് വ്യവസ്ഥയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുക, അന്താരാഷ്ട്ര മത്സരക്ഷമത വർധിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യം.

17. NITI Aayog-മായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?
   A) നയരൂപീകരണവും പദ്ധതികളുടെ ചട്ടക്കൂടും രൂപപ്പെടുത്തൽ
   B) സഹകരണ ഫെഡറലിസം
   C) നിരീക്ഷണവും വിലയിരുത്തലും
   D) ഇവയെല്ലാം

18. പ്രധാൻ മന്ത്രി ജൻ-ധൻ യോജന (PMJDY) നിലവിൽ വന്നത്.
   A) 28 August 2014
   B) 28 September 2014
   C) 28 October 2014
   D) ഇവയൊന്നുമല്ല

19. താഴെ പറയുന്നവയിൽ മാർഗ്ഗനിർദ്ദേശക തത്വങ്ങളുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ് നൽകിയിരിക്കുന്നത്. തെറ്റായ പ്രസ്താവന കണ്ടെത്തുക.
   (1) ബ്രിട്ടീഷ് ഭരണഘടനയിൽ നിന്നും കടം കൊണ്ടതാണ്.
   (2) കോടതിയെ സമീപിക്കാവുന്നതാണ്.
   (3) വില്ലേജ് പഞ്ചായത്തുകളെ പ്രോത്സാഹിപ്പിക്കുന്നു.
   (4) അന്താരാഷ്ട്ര സമാധാനം പ്രോത്സാഹിപ്പിക്കുന്നു.
   A) 1 ഉം 3 ഉം B) 1 ഉം 4 ഉം C) 1 ഉം 2 ഉം D) 2 ഉം 3 ഉം

Visit KPSCHub.in
More QPs & Answer Keys

20. സമവർത്തി ലിസ്റ്റിലോ സംസ്ഥാന ലിസ്റ്റിലോ പറഞ്ഞിട്ടില്ലാത്ത ഏത് വിഷയവുമായും ബന്ധപ്പെട്ട് നിയമം നിർമ്മിക്കുവാൻ പാർലമെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്ന് പറഞ്ഞിരിക്കുന്ന അനുഛേദം

A) അനുഛേദം – 62
B) അനുഛേദം – 109
C) അനുഛേദം – 302
D) അനുഛേദം – 248

21. താഴെ തന്നിരിക്കുന്നവയിൽ ശരിയായത് കണ്ടെത്തുക.

(i) സംസ്ഥാനങ്ങൾക്കിടയിൽ ഉണ്ടാകുന്ന തർക്കങ്ങളെകുറിച്ച് അന്വേഷണ വിചാരണ നടത്തുവാനും ഉപദേശിക്കുവാനും പ്രസിഡന്റിന് അധികാരം ഉണ്ടായിരിക്കും.

(ii) സംസ്ഥാനങ്ങളുടെ കടമെടുപ്പിനെ കുറിച്ച് പ്രതിപാദിക്കുന്ന അനുഛേദം – 293 ആകുന്നു.

(iii) യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ വർഷം തോറും ഒരു റിപ്പോർട്ട് പാർലമെന്റിൽ സമർപ്പിക്കേണ്ടതാണ്.

(iv) ദേശീയ പട്ടികജാതി കമ്മീഷൻ എന്നത് ഒരു ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ ഉൾപ്പെടെ 4 അംഗങ്ങൾ ഉണ്ടായിരിക്കും.

A) i, iv ശരി
B) i, ii ശരി
C) ii, iii ശരി
D) എല്ലാം ശരി

22. 'ട്രേഡ് യൂണിയനുകൾ' ഏത് ലിസ്റ്റിൽ വരുന്നവയാണ് ?

A) യൂണിയൻ ലിസ്റ്റ്
B) സ്റ്റേറ്റ് ലിസ്റ്റ്
C) കൺകറന്റ് ലിസ്റ്റ്
D) അവശിഷ്ടാധികാരം

23. താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

(i) 44-ാമത് ഭേദഗതിയിലൂടെ മതേതരത്വം എന്ന ആശയം ഭരണഘടനയുടെ ആമുഖത്തിൽ ചേർക്കപ്പെട്ടു.

(ii) 52-ാമത് ഭേദഗതിയിലൂടെ മൗലീക കടമകൾ ഉൾപ്പെടുത്തി.

(iii) 73-ാമത് ഭേദഗതി പഞ്ചായത്തീരാജ് സമ്പ്രദായം നടപ്പിലാക്കി.

(iv) 74-ാമത് ഭേദഗതി നഗരപാലികാ ബിൽ നടപ്പിലാക്കി.

A) (ii), (iii), (iv) ശരി
B) (i), (iii), (iv) ശരി
C) (iii), (iv) ശരി
D) എല്ലാം ശരി

24. താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?

(a) ഭരണഘടനാ നിർമ്മാണ സമിതിയുടെ ആദ്യ സമ്മേളനം 1946 ഡിസംബർ 9-ന് നടന്നു.

(b) ആദ്യ സമ്മേളനത്തിൽ പങ്കെടുത്തവരുടെ എണ്ണം 207.

(c) ആദ്യ സമ്മേളനത്തിൽ പങ്കെടുത്ത വനിതകൾ 7.

A) (a), (b) ശരി
B) (a), (c) ശരി
C) (b), (c) ശരി
D) എല്ലാം ശരി

Visit KPSCHub.in
More QPs & Answer Keys

25. താഴെ തന്നിട്ടുള്ളവയിൽ ജസ്റ്റീസ് ഫാത്തിമാ ബീവിയെകുറിച്ചുള്ള ശരിയായ പ്രസ്താവനയേത് ?

(i) 1988-ൽ സുപ്രീംകോടതിയിലെ ആദ്യത്തെ വനിതാ ജഡ്ജിയായി.

(ii) ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ അംഗമായ മലയാളി വനിത.

(iii) കേരള ഹൈക്കോടതിയിലെ ആദ്യ മുസ്ലീം വനിതാ ജഡ്ജി.

(iv) അന്തരിച്ചത് 2023 നവംബർ 22-ന്.

A) i, ii B) ii, iii C) i, iii D) ii, iv

26. അടിയന്തരാവസ്ഥാ കാലത്ത് അനുച്ഛേദം – 19 റദ്ദ് ചെയ്യുന്നത് സംബന്ധിച്ച ആർട്ടിക്കിൾ

A) ആർട്ടിക്കിൾ – 357 B) ആർട്ടിക്കിൾ – 358

C) ആർട്ടിക്കിൾ – 359 D) ആർട്ടിക്കിൾ – 360

27. നിലവിലെ യു. പി. എസ്. സി. ചെയർമാൻ ആരാകുന്നു ?

A) പ്രീതി സുധാൻ B) മനോജ് സോണി

C) സുമൻ ശർമ്മ D) അരവിന്ദ് സക്സേന

28. താഴെ പറഞ്ഞിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന ഏത് ?

A) പഞ്ചായത്തിരാജ് സംവിധാന പ്രകാരം 1/3 സീറ്റുകൾ എല്ലാ തലങ്ങളിലും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

B) പഞ്ചായത്തിരാജ് ഭരണഘടനയുടെ 11-ാം ഷെഡ്യൂളുമായി ബന്ധപ്പെട്ടിരിക്കുന്നു.

C) ഗ്രാമസഭയുടെ മേൽനോട്ടത്തിലാണ് ഗ്രാമപഞ്ചായത്ത് പ്രവർത്തിക്കുന്നത്.

D) ഗ്രാമസഭ വിളിച്ചു ചേർക്കുന്നത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും അധ്യക്ഷൻ വാർഡ് മെമ്പറുമാണ്.

29. കേരളത്തിൽ പഞ്ചായത്ത് രാജ് ദിനം എന്നാണ് ?

A) ഏപ്രിൽ – 23 B) ഫെബ്രുവരി – 19

C) ഏപ്രിൽ – 24 D) ഫെബ്രുവരി – 18

30. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം രൂപീകൃതമായത് ഏത് ആക്ട് പ്രകാരമാണ് ?

A) 2008-ലെ 28-ാം നമ്പർ ആക്ട് B) 2008-ലെ 26-ാം നമ്പർ ആക്ട്

C) 2006-ലെ 28-ാം നമ്പർ ആക്ട് D) 2008-ലെ 25-ാം നമ്പർ ആക്ട്

31. കേരള ജുഡീഷ്യൽ സർവ്വീസിലെയോ കേരള ക്രിമിനൽ ജുഡീഷ്യൽ സർവ്വീസിലെയോ ഒരംഗത്തെ സസ്പെൻഡ് ചെയ്യാൻ അധികാരമുള്ളത്

A) ഗവർണർ B) ഹൈക്കോടതി

C) മുഖ്യമന്ത്രി D) ചീഫ് സെക്രട്ടറി

Visit KPSCHub.in
More QPs & Answer Keys

32. താഴെ കൊടുത്തിരിക്കുന്നതിൽ ഏത് രാസവസ്തുവിന്റെ ഉല്പാദനം കുറയുന്നത് മൂലമാണ് പാർക്കിൻസൺസ് എന്ന രോഗമുണ്ടാവുന്നത് ?

A) ഡോപമിൻ
B) അസറ്റലിൻ
C) ഓക്സിൻ
D) തൈറോക്സിൻ

33. വിറ്റാമിൻ A യുടെ തുടർച്ചയായ അഭാവം മൂലം നേത്രാവരണവും കോർണിയയും വരണ്ട് കോർണിയ അതാര്യമായിത്തീരുന്ന അവസ്ഥക്ക് പറയുന്ന പേരെന്ത് ?

A) നിശാന്ധത
B) തിമിരം
C) സിറോഫ്താൽമിയ
D) ഗ്ലോക്കോമ

34. താഴെ കൊടുത്തിരിക്കുന്നവയിൽ തെറ്റായി യോജിപ്പിച്ചിരിക്കുന്നവയേത് ?

(i) പ്രോലാക്ടിൻ – മുലപ്പാൽ ഉല്പാദനം
(ii) സൊമാറ്റോട്രോപ്പിൻ – ശരീരവളർച്ച ത്വരിതപ്പെടുത്തുന്നു
(iii) വാസോപ്രസിൻ – പുരുഷന്മാരിൽ വൃഷണങ്ങളുടെ പ്രവർത്തനം ഉത്തേജിപ്പിക്കുന്നു
(iv) ഗൊണാഡോട്രോഫിക് ഹോർമോൺ – വൃക്കയിൽ ജലത്തിന്റെ പുനരാഗിരണത്തിന് സഹായിക്കുന്നു

A) (i), (iii)
B) (iii), (iv)
C) (i), (ii)
D) (ii), (iv)

35. RNA യിൽ കാണപ്പെടാത്ത നൈട്രജൻ ബേസ് ?

A) അഡിനിൻ
B) തൈമിൻ
C) യുറാസിൽ
D) സൈറ്റോസിൻ

36. ദേശീയ പഞ്ചായത്ത് പുരസ്കാരം 2023 ൽ ശിശുസൗഹൃദ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ കേരളത്തിലെ ഗ്രാമം

A) ചെറുതന (ആലപ്പുഴ)
B) പുതുശ്ശേരി (പാലക്കാട്)
C) അളഗപ്പ നഗർ (തൃശ്ശൂർ)
D) പെരുമ്പടപ്പ (മലപ്പുറം)

37. 2023-ലെ വൈദ്യശാസ്ത്ര നൊബേലിന് അർഹരായ ശാസ്ത്രജ്ഞൻ

A) ഫെറൻ ക്രൗസ്
B) പിയറി അഗോസ്റ്റിനി
C) ലൂയി ഇ ബ്രസ്
D) ഡ്രൂ വെയ്സ്മാൻ

38. ഇലക്ട്രോമാഗ്നറ്റിക് സ്പെക്ട്രത്തിൽ ഏറ്റവും തരംഗദൈർഘ്യം കൂടിയ രശ്മി ഏത് ?

A) ഗാമ തരംഗം
B) റേഡിയോ തരംഗം
C) X തരംഗം
D) U.V. തരംഗം

39. പ്രതലബലത്തിന്റെ S.I. യൂണിറ്റ് പ്രസ്താവിക്കുക.

A) N. M
B) J/M^2
C) J
D) ഡൈൻ

Visit KPSCHub.in
More QPs & Answer Keys

40. 20 gm ഭാരമുള്ള ഒരു വസ്തുവിന്റെ ഭൂമിയിൽ നിന്നുള്ള പാലായനപ്രവേഗം 11.2 Km/s ആണ്. എങ്കിൽ 100 gm ഭാരമുള്ള വസ്തുവിന്റെ പാലായനപ്രവേഗം എത്രയായിരിക്കും ?
A) 1.12 Km/s
B) 112 Km/s
C) 11.2 Km/s
D) 0.112 Km/s

41. ഒരു തടാക പ്രതലത്തിൽ നിന്ന് 10 മീറ്റർ ആഴത്തിൽ നീന്തുന്ന ഒരാളിൽ അനുഭവപ്പെടുന്ന മർദ്ദം എത്രയാണ് ? $g = 10\ m/s^2$, അന്തരീക്ഷമർദ്ദം = 1 atm, സാന്ദ്രത = $10^3 Kg/m^3$.
A) 1 atm
B) 2 atm
C) 3 atm
D) 4 atm

42. മനുഷ്യരക്തത്തിന്റെ pH മൂല്യം എത്രയാണ് ?
A) 7
B) 7.4
C) 8.2
D) 6.3

43. സ്റ്റെയിൻലസ് സ്റ്റീൽ നിർമ്മിക്കുവാൻ ഇരുമ്പിൽ ചേർക്കുന്ന ലോഹം
A) നിക്കൽ
B) ചെമ്പ്
C) സിങ്ക്
D) അലൂമിനിയം

44. വായു കുമിളകൾ താഴെ നിന്ന് ജലത്തിന്റെ ഉപരിതലത്തിലേക്ക് നീങ്ങുമ്പോൾ വികസിക്കുന്നു. ഇത് ഏതിന്റെ ഒരു ഉദാഹരണമാണ് ?
A) ഗ്രഹാം നിയമം
B) ബോയിൽ നിയമം
C) ചാൾസ് നിയമം
D) അവഗാഡ്രോ നിയമം

45. ഇനി പറയുന്നവയിൽ ഏതിനാണ് പൂജ്യം രാസസംയോഗ ശക്തി ഉള്ളത് ?
A) ലിഥിയം
B) ബെറിലിയം
C) ഫ്ലൂറിൻ
D) ഹീലിയം

46. അമ്മന്നൂർ മാധവ ചാക്യാർ ഏത് കലാരൂപവുമായി ബന്ധപ്പെട്ട വ്യക്തിയാണ് ?
A) കഥകളി
B) കൂത്ത്
C) കൂടിയാട്ടം
D) ഓട്ടൻതുള്ളൽ

47. ഒളിംപിക്സിലെ ആദ്യ ടീം മത്സരയിനം
A) ഹോക്കി
B) ഫുട്ബോൾ
C) ക്രിക്കറ്റ്
D) ടെന്നീസ്

48. 'ആശയഗംഭീരൻ' എന്നറിയപ്പെടുന്ന മലയാള കവി
A) പൂന്താനം
B) ചെറുശ്ശേരി
C) വള്ളത്തോൾ
D) കുമാരനാശാൻ

49. 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യനു പെറ്റമ്മതൻ ഭാഷതാൻ' ആരുടെ വാക്കുകൾ ?
A) വള്ളത്തോൾ
B) ഒ. എൻ. വി. കുറുപ്പ്
C) ഇടശ്ശേരി
D) പൂന്താനം

50. അടുത്തിടെ ചൈനയിലെ കുട്ടികളിൽ കണ്ടെത്തിയ വൈറസ് ബാധ
A) H1N1
B) H9N2
C) Variola (വാരിയോള വൈറസ്)
D) റൂബിയോള വൈറസ്

Visit KPSCHub.in
More QPs & Answer Keys

51. $2\frac{1}{2}+3\frac{1}{3}+4\frac{1}{4}=$

A) $9\frac{1}{8}$ B) $10\frac{1}{12}$

C) $9\frac{1}{6}$ D) $12\frac{1}{10}$

52. $(100)^3 \times (1000)^5 = 10^x$ ആയാൽ x-ന്റെ വില എത്ര ?

A) 21 B) 5 C) 8 D) 10

53. ഒരു സമാന്തരശ്രേണിയുടെ 15-ാം പദം 35, 35-ാം പദം 15 ആയാൽ പൊതു വ്യത്യാസം എത്ര ?

A) 5 B) 1 C) –1 D) 2

54. a-യുടെ 30% = b-യുടെ 20% ആയാൽ (a + b) : (b – a) എത്ര ?

A) 3 : 2 B) 2 : 3 C) 1 : 5 D) 5 : 1

55. ഒരു കോഡ് ഭാഷയിൽ BOMBAY = 52 ആയാൽ DELHI =

A) 25 B) 34 C) 33 D) 32

56. 6,000 രൂപയ്ക്ക് 6% സാധാരണപലിശ നിരക്കിൽ 10 മാസത്തേയ്ക്കുള്ള പലിശ എത്ര ?

A) 400 രൂപ B) 300 രൂപ C) 350 രൂപ D) 450 രൂപ

57. കൂട്ടത്തിൽ ബന്ധമില്ലാത്ത സംഖ്യ കണ്ടെത്തുക.

A) 391 B) 361 C) 225 D) 625

58. 40 മിനിറ്റ് കൊണ്ട് മിനിറ്റ് സൂചി എത്ര ഡിഗ്രി തിരിയും ?

A) 140° B) 160° C) 200° D) 240°

59. ഒരു എണ്ണൽസംഖ്യ അതിന്റെ വ്യുൽക്രമത്തിന്റെ 16 മടങ്ങാണ്. എന്നാൽ സംഖ്യ ഏത് ?

A) 2 B) 4 C) 6 D) 8

60. 6^{15} ന്റെ ഒറ്റയുടെ സ്ഥാനത്തെ അക്കം എത്ര ?

A) 4 B) 8 C) 6 D) 3

Visit KPSCHub.in
More QPs & Answer Keys

61. Which of the following sentences contains a gerund ?
A) She walked to the store
B) They watched the movie
C) He enjoys playing soccer
D) We ate pizza for dinner

62. That was _____ disappointment, but we managed to get _____ room across _____ hall from it.
A) an, the, a
B) a, the, the
C) the, a, a
D) a, the, an

63. 'As soon as he came, he made sure that everything was alright'. Change into a negative sentence without changing its meaning.
A) No sooner did he come, than he made sure that everything was alright.
B) As soon as he came, he did not make sure that everything was alright.
C) No sooner he came, he made sure that everything was alright.
D) As soon as he came, he made sure that nothing was alright.

64. If James _____ enough money, he _____ buy a new car next year.
A) had, would
B) have, will
C) has, will
D) has, would

65. He was absent _____ he was sick.
A) because
B) when
C) during
D) while

66. Choose the correct meaning of the foreign words and phrases.
A) A lovely affair
B) A good incident
C) A love affair
D) A sexual affair

67. Choose the correctly spelt word.
A) Discripency
B) Discripancy
C) Discrepancy
D) Descripancy

68. His speech has taken the wind out of my sails.
A) made me think of the future
B) made me remember my past
C) made my words or actions ineffective
D) made me depressed

69. They said, "Let us come in"
A) They told that let them be allowed to come in
B) They requested that they might be allowed to come in
C) They said that if they are allowed to come in
D) They requested me to let them come in

70. A speech made by someone for the first time
A) Maiden speech
B) Sermon
C) Extempore
D) Spontaneous

Visit KPSCHub.in
More QPs & Answer Keys

71. ശരിയായ പ്രയോഗം ഏത് ?

(i) പത്തുതെങ്ങ്
(ii) പത്തുതെങ്ങുകൾ
(iii) നൂറുപുസ്തകം
(iv) നൂറുപുസ്തകങ്ങൾ

A) ഒന്നു മാത്രം ശരിയാണ്
B) ഒന്നും മൂന്നും ശരിയാണ്
C) രണ്ടു മാത്രം ശരിയാണ്
D) രണ്ടും നാലും ശരിയാണ്

72. നേതാവ് എന്ന പദത്തിന്റെ സ്ത്രീലിംഗ ശബ്ദം

A) നേതി
B) നേത്രാരി
C) നേത്രി
D) ഇതൊന്നുമല്ല

73. മിന്നാമിനുങ്ങ് എന്ന പദത്തിന്റെ പര്യായപദമാണ്

(i) പ്രകാശകൻ
(ii) പ്രകാശിതം
(iii) തൈജസകീടം
(iv) ഖദ്യോതം

A) ഒന്നും രണ്ടും ശരിയാണ്
B) മൂന്നും നാലും ശരിയാണ്
C) മൂന്നു മാത്രം ശരിയാണ്
D) എല്ലാം ശരിയാണ്

74. ഫടൻ എന്ന വാക്കിന്റെ അർത്ഥം

(i) വഞ്ചകൻ (ii) പോരാളി (iii) യോദ്ധാവ്

A) ഒന്നു മാത്രം ശരിയാണ്
B) രണ്ടും മൂന്നും ശരിയാണ്
C) എല്ലാം ശരിയാണ്
D) ഒന്നും ശരിയല്ല

75. ധനം എന്ന വാക്കിന് പകരം ഉപയോഗിക്കാവുന്ന പദമാണ്

(i) അർത്ഥം
(ii) വിത്തം
(iii) അർദ്ധം
(iv) ആനനം

A) ഒന്നുമാത്രം ശരിയാണ്
B) ഒന്നും രണ്ടും ശരിയാണ്
C) രണ്ടുമാത്രം ശരിയാണ്
D) രണ്ടും നാലും ശരിയാണ്

76. ശരിയായ വാക്കുകൾ ഏത് ?

(i) രക്ഷകർത്താവ്
(ii) രക്ഷാകർത്താവ്
(iii) ഹാർദ്ദവം
(iv) ഹാർദ്ദം

A) ഒന്നും മൂന്നും ശരിയാണ്
B) രണ്ടും മൂന്നും ശരിയാണ്
C) ഒന്നും നാലും ശരിയാണ്
D) രണ്ടും നാലും ശരിയാണ്

Visit KPSCHub.in
More QPs & Answer Keys

77. Fashion Monger എന്ന പദത്തിനുള്ള ഉചിതമായ തർജ്ജമ ഏത് ?

(i) അഴകിയ രാവണൻ

(ii) ജ്വാലാമുഖി

(iii) സുന്ദര പുരുഷൻ

(iv) വെനീസിലെ വ്യാപാരി

A) ഒന്നു മാത്രം ശരിയാണ്

B) രണ്ടും മൂന്നും ശരിയാണ്

C) രണ്ടുമാത്രം ശരിയാണ്

D) രണ്ടും നാലും ശരിയാണ്

78. കഥയുടെ പ്രധാനമായ അംശം – ഒറ്റപ്പദം ഏത് ?

(i) കഥാഗതി

(ii) കഥാസാരം

(iii) കഥനം

(iv) കഥാസംക്ഷേപം

A) ഒന്നുമാത്രം ശരിയാണ്

B) രണ്ടും മൂന്നും ശരിയാണ്

C) രണ്ടുമാത്രം ശരിയാണ്

D) രണ്ടും നാലും ശരിയാണ്

79. പിൽക്കാലം, കണ്ണീര് എന്നീ പദങ്ങൾ പിരിച്ചെഴുതുന്നത്

(i) പിൻ + കാലം

(ii) പിൽ + കാലം

(iii) കൺ + നീര്

(iv) കണ്ണ് + നീര്

A) ഒന്നും മൂന്നും ശരിയാണ്

B) രണ്ടും നാലും ശരിയാണ്

C) ഒന്നും നാലും ശരിയാണ്

D) രണ്ടും മൂന്നും ശരിയാണ്

80. അകത്തു കത്തിയും പുറത്തു പത്തിയും എന്ന ശൈലിയുടെ അർത്ഥം

(i) ഉള്ളിലും പുറത്തും വിരോധം

(ii) ഉള്ളിലും പുറത്തും സ്നേഹം

(iii) ഉള്ളിൽ സ്നേഹവും പുറമേ വിരോധവും

(iv) ഉള്ളിൽ വിരോധവും പുറമേ സ്നേഹവും

A) സന്ദർഭവിത്യാസമനുസരിച്ച് ഒന്നും രണ്ടും ശരിയാകാം

B) സന്ദർഭവിത്യാസമനുസരിച്ച് മൂന്നും നാലും ശരിയാകാം

C) മൂന്നുമാത്രം ശരിയാണ്

D) നാലുമാത്രം ശരിയാണ്

Visit KPSCHub.in
More QPs & Answer Keys

81. താഴെ പറയുന്നവയിൽ പശ്ചിമഘട്ടം കടന്നുപോകാത്ത സംസ്ഥാനം ഏത് ?
A) ഗുജറാത്ത് B) മഹാരാഷ്ട്ര C) ഉത്തർപ്രദേശ് D) കർണ്ണാടക

82. തിരുവിതാംകൂറിലെ ആദ്യത്തെ ഫോറസ്റ്റ് കൺസർവേറ്റർ ആരായിരുന്നു ?
A) കനോളി B) എൻ. ആർ. നായർ
C) ബോർഡിലോൺ D) രാമറാവു

83. വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിയ്ക്കുന്നത് നിയന്ത്രിയ്ക്കുന്ന ആക്ട് ഏതാണ് ?
A) പരിസ്ഥിതി സംരക്ഷണ നിയമം B) ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1980
C) വന്യജീവി സംരക്ഷണ നിയമം, 1972 D) മുകളിൽ പറഞ്ഞതൊന്നുമല്ല

84. താഴെ പറയുന്നവയിൽ കേരളത്തിൽ വിദേശ സസ്യം അല്ലാത്തത് ഏത് ?
A) ആഞ്ഞിലി B) അക്കേഷ്യ
C) യൂക്കാലിപ്റ്റസ് D) കാറ്റാടി (ക്വാഷ്വാറിന)

85. ഭീമൻ പാണ്ട (Giant Panda) ഔദ്യോഗിക ചിഹ്നമുള്ള സംഘടന ഏത് ?
A) ഡബ്ല്യു ഡബ്ല്യു എഫ് (WWF) B) ഐ യു സി എൻ (IUCN)
C) സൈറ്റിസ് (CITES) D) മുകളിൽ പറഞ്ഞതൊന്നുമല്ല

86. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറസ്റ്റ് മാനേജ്മെന്റ് എവിടെ സ്ഥിതി ചെയ്യുന്നു ?
A) ഡറാഡൂൺ B) ഡൽഹി C) ഭോപ്പാൽ D) മുംബൈ

87. മീൻ (Fish) വർഗത്തിലെ ഏറ്റവും വലിയ ജീവി ഏത് ?
A) നീലതിമിംഗലം B) തിമിംഗല സ്രാവ് C) ഡോൾഫിൻ D) തിരണ്ടി

88. താഴെ പറയുന്നവയിൽ കടുവ സങ്കേതം ഇല്ലാത്ത സ്ഥലം ഏത് ?
A) തേക്കടി B) വയനാട്
C) പറമ്പിക്കുളം D) മുകളിൽ പറഞ്ഞതൊന്നുമല്ല

89. താഴെ പറയുന്നവയിൽ പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന മരം ഏതാണ് ?
A) സാൽ B) ചെങ്കുറിഞ്ഞി
C) പൈൻ D) മുകളിൽ പറഞ്ഞതൊന്നുമല്ല

90. കേരള വൃക്ഷ സംരക്ഷണ നിയമം നിലവിൽ വന്നത് ഏത് വർഷമാണ് ?
A) 1927 B) 1986 C) 1972 D) 1980

91. കേരളത്തിലെ ഏക മയിൽ സങ്കേതം ഏതാണ് ?
A) ചൂലനൂർ B) തട്ടേക്കാട്
C) ആറളം D) ചെന്തുരുണി

Visit KPSCHub.in
More QPs & Answer Keys

92. കേരളത്തിലെ വന്യജീവിസങ്കേതങ്ങളില്ലാത്ത ഒരു ജില്ല ഏതാണ് ?
A) കാസർഗോഡ് B) കണ്ണൂർ
C) കൊല്ലം D) തിരുവനന്തപുരം

93. ഗിണ്ടി നാഷണൽ പാർക്ക് ഏത് നഗരത്തിന് സമീപമാണ് ?
A) ഡൽഹി B) ബാംഗ്ലൂർ C) മുംബൈ D) ചെന്നൈ

94. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏതാണ് ?
A) വരയാട് മൂന്നാറിൽ മാത്രം കാണപ്പെടുന്നു.
B) വരയാട് ഇടുക്കി ജില്ലയിൽ മാത്രം കാണപ്പെടുന്നു.
C) വരയാട് തിരുവനന്തപുരം ജില്ലയിലെ വനങ്ങളിലും കാണപ്പെടുന്നു.
D) മുകളിൽ പറഞ്ഞവ എല്ലാം തെറ്റാണ്

95. സംസ്ഥാന വന്യജീവി ബോർഡിന്റെ ചെയർമാൻ ആരാണ് ?
A) മുഖ്യമന്ത്രി B) വനം മേധാവി C) ചീഫ് സെക്രട്ടറി D) വനം മന്ത്രി

96. കേരളത്തിലെ ഒരു പ്രത്യേക ഭൂപ്രദേശം റിസർവ് വനമായി പ്രഖ്യാപിയ്ക്കുന്നത് ഏത് നിയമ പ്രകാരമാണ് ?
A) കേരള ഫോറസ്റ്റ് ആക്ട്, 1961 B) വന്യജീവി സംരക്ഷണ നിയമം 1972
C) ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1980 D) മുകളിൽ പറഞ്ഞതൊന്നുമല്ല

97. എന്താണ് NTFP ?
A) കടുവകളിൽ ഉണ്ടാകുന്ന ഒരു അസുഖം
B) തടിയിതര വനോൽപ്പന്നങ്ങൾ
C) വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട ഒരു സംഘടന
D) മുകളിൽ പറഞ്ഞതൊന്നുമല്ല

98. പ്രോജക്ട് എലഫന്റ് ആരംഭിച്ച വർഷം ഏത് ?
A) 1992 B) 1972 C) 2002 D) 2012

99. ഐ. ടി. നിയമത്തിലെ ഈ വ്യവസ്ഥ, പകർപ്പവകാശ നിയമത്തിന് കീഴിൽ ലഭ്യമായതിലും അപ്പുറമുള്ള കമ്പ്യൂട്ടർ സോഴ്സ് ഡോക്യുമെന്റുകൾ (കോഡുകൾ) സംരക്ഷിക്കാനുള്ള ശ്രമമാണ്
A) സെക്ഷൻ 43 B) സെക്ഷൻ 65 C) സെക്ഷൻ 66 D) സെക്ഷൻ 70

100. ജോയിന്റ് അക്കാദമിക് നെറ്റ്വർക്കിലേക്ക് അനധികൃത ആക്സസ് നേടിയ പ്രതി, അംഗീകൃത ഉപയോക്താക്കൾക്ക് പ്രവേശനം നിഷേധിക്കുന്നതിനായി ഫയലുകൾ ഇല്ലാതാക്കുകയും ചേർക്കുകയും പാസ്വേഡുകൾ മാറ്റുകയും ചെയ്തു. ഐ. ടി. ആക്ട് പ്രകാരം പ്രതി ചെയ്ത കുറ്റം ഏതു വകുപ്പിനു കീഴിലാണ് ?
A) സെക്ഷൻ 63 B) സെക്ഷൻ 72 C) സെക്ഷൻ 66 D) സെക്ഷൻ 74

Visit KPSCHub.in
More QPs & Answer Keys

Space for Rough Work

Visit KPSCHub.in
More QPs & Answer Keys